പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3748 — 17.12.2015-ൽ മറുപടിക്ക്.

## മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) ട്രാഫിക് യൂണിറ്റ് അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | : (എ & ബി) മാവേലിക്കരയിൽ ട്രാഫിക് യൂണിറ്റ് ആരംഭിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| (സി) മാവേലിക്കരയിൽ ആരംഭിച്ച കമാൻഡോ പരിശീലന കേന്ദ്രത്തിന്റെ തുടർനടപടികൾ വിശദമാക്കുമോ;<br><br>(ഡി) കമാൻഡോ കേന്ദ്രം എത്ര മാസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കുമോ;<br><br>(ഇ) ഇതിനനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി, ഡി & ഇ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ നൂറനാട് എന്ന സ്ഥലത്ത് പോലീസ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 8.69 ഏക്കർ സ്ഥലത്ത് ഒരു Counter Insurgency and Anti Terrorism (CIAT) School അനുവദിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും എന്നാൽ പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം പോലീസ് സേനയുടെ നവീകരണം സംബന്ധിച്ച പദ്ധതികൾ ഇനി മുതൽ അതാത് സംസ്ഥാന സർക്കാരുകളാണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്നുള്ള വിവരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്കൂൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതിനു വേണ്ട പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള വിശദമായ പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ